(എ) കേരള സംസ്ഥാന ഹരിജൻ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ തിരുവനന്തപുരം റീജിയണൽ ആഫീസ് മുഖേന ഹരിജനങ്ങൾക്ക് യൂണിയൻ ബാങ്ക് മുഖേന ഗുണനിലവാരം കുറഞ്ഞ ഓട്ടോറിക്ഷാ നൽകി അവരുടെ ജീവിതം തകർത്തിരിക്കുന്നതിൽനിന്നും അവരെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം വല്ലതും ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം:

(എ) ഉണ്ട്.

(ബി) തകരാറുകൾ ഉള്ളതായി ബോദ്ധ്യപ്പെട്ട ഓട്ടോറിക്ഷകളുടെ കാര്യത്തിൽ വേണ്ട പരിഹാര നടപടികൾ എടുത്തു. വായ്പയുടെ തവണ സംഖ്യയിലും ഗഡുക്കളിലും ആവശ്യമായ മാറ്റം വരുത്തി. മേലിൽ ഇത്തരം പരാതികൾ ഒഴിവാക്കുന്നതിനായി 1985-86 സാമ്പത്തികവർഷം മുതൽ അപേക്ഷകൻ താൽപ്പര്യമുള്ള ഏതു കമ്പനിയിൽനിന്നും നേരിട്ട് വണ്ടി ബുക്കു ചെയ്യാവുന്നതാണെന്നും അതിന് കോർപ്പറേഷൻ സബ്സിഡിയും ബാങ്ക് വായ്പയും ലഭ്യമാക്കുന്നതാണെന്നും കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്.

ശിക്ഷിക്കപ്പെട്ട കൊലക്കേസുകൾ

730 [860] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷത്തിനകം 1984 ജനുവരി ഒന്നിനുശേഷം ശിക്ഷിക്കപ്പെട്ട കൊലക്കേസ്സുകളിൽ സെഷൻസ് കോടതികൾ എത്ര എണ്ണം ശിക്ഷിച്ചിട്ടുണ്ട്;

(ബി) അവയിൽ വധശിക്ഷ എത്ര; ജീവപര്യന്തം എത്ര;

(സി) ആകെ എത്ര കേസുകൾ വെറുതെ വിട്ടിട്ടുണ്ട്?

ഉത്തരം

(എ) 836 കൊലക്കേസ്സുകളിൽ 511 എണ്ണത്തിൽ ശിക്ഷിച്ചിട്ടുണ്ട്.

(ബി) വധശിക്ഷ—15, ജീവപര്യന്തം—281

(സി) 325 കേസുകൾ.

സ്ത്രീധനത്തിന്റെ പേരിൽ ആത്മഹത്യ ചെയ്തവർ

731 [861] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10.6.1986 വരെ സ്ത്രീധനത്തിന്റെ പേരിൽ എത്ര സ്ത്രീകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര സ്ത്രീകളെ കൊല്ലപ്പെട്ടിട്ടുണ്ട്;

(സി) ഇതിന്റെ പേരിൽ എത്ര കേസുകളാ രജിസ്റ്റർ ചെയ്തു;

(ഡി) എത്ര കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചു;

(ഇ) എത്ര കേസുകളാ വെറുതെ വിട്ടു;

(എഫ്) ഇത്തരം സംഭവങ്ങളാ ഉണ്ടാകാതിരിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാ സ്വീകരിച്ചു;

(ജി) ഇല്ലെങ്കിൽ എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 29.

(ബി) ഒരു സ്ത്രീ കൊലചെയ്യപ്പെട്ടിട്ടുണ്ട്.

(സി) 30.

(ഡി) ആരെയും ഇതുവരെ ശിക്ഷിച്ചിട്ടില്ല.

(ഇ) ഒന്ന്.

(എഫ്) ഭർത്താവിൽ നിന്നോ ഭർതൃബന്ധുക്കളിൽനിന്നോ മാനസികപീഡനങ്ങളാ ഉണ്ടാകുന്നതായി ലഭിക്കുന്ന പരാതികളിൻമേൽ സത്വര നടപടികളാ എടുക്കുന്നുണ്ട്. വിവാഹിതയായ സ്ത്രീകളുടെ അസ്വാഭാവിക മരണം വിവാഹം കഴിഞ്ഞ് ഏഴുവർഷത്തിനകമാണെങ്കിൽ ഇൻഡ്യൻ ശിക്ഷാനിയമം 498 (എ) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടികളാ കൈക്കൊള്ളാറുണ്ട്. ഡി. വൈ. എസ്. പി. യിൽ കുറയാത്ത പദവിയുള്ള ഉദ്യോഗസ്ഥനാണ് ഇത്തരം കേസുകളാ അന്വേഷിക്കുന്നത്. ഇത്തരം കേസുകളുടെ ഇൻക്വസ്റ്റ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റാണ് നടത്തുന്നത്. ഡോക്ടർമാരുടെ ഒരു സംഘമാണ് പോസ്റ്റുമോർട്ടം നടത്തുന്നത്.

(ജി) ആവശ്യമുള്ള നടപടികളാ സ്വീകരിച്ചിട്ടുണ്ട്.

ബലാൽസംഗം മൂലം ആത്മഹത്യ ചെയ്തവർ

732 [862] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറധികാരത്തിൽ വന്നതിനുശേഷം 10.6.1986 വരെ ബലാൽസംഗം മൂലം എത്ര പേർ ആത്മഹത്യ ചെയ്തു;

(ബി) ഇതിൽ പട്ടികജാതി–വർഗ്ഗക്കാർ എത്ര?

ഉത്തരം

(എ) ആരും ബലാൽസംഗം മൂലം ആത്മഹത്യ ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly